പ്രസ്സ് അഡൈ്വസറി ബോർഡ്

*൧൦൬൯. (൩൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പ്രസ്സ് അഡൈ്വസറി ബോർഡിൽ വക്കിംഗ് ജണ്ണലിസ്റ്റ്കൾക്ക് പ്രാതിനിദ്ധ്യം നൽകണമെന്ന ഗവൺമെൻറിലേക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല തീരുമാനവും ചെയ്യുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ട്.

(ബി) ഇല്ല.

Questions Posted for answer on 10—3—1951

ടാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറ്

*൧൦൭൨. (൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൭-ൽ ടാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽനിന്നും എന്തു ലാഭം ഉണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ൧൯൫൫-൫൬ മുതൽ ൧൯൫൬-൫൭ വരെ (൧൬ മാസം) ൨൫,൭൫,൦൦൦ രൂപാ ആണ്. ആകെ. ലാഭമുണ്ടായിട്ടുണ്ട്. ൧൯൫൭ ഏപ്രിൽ മുതലുള്ള കണക്കുകൾ ശരിയായിട്ടില്ലാത്തതിനാൽ അതുകൂടി ൧൯൫൭-ൽ എന്തു ലാഭമുണ്ടെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ബസ്സ് അപകടങ്ങൾ

*൧൦൭൩. (൰) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൭-ൽ തിരുവിതാംകൂർ-കൊച്ചിയിൽ ബസ്സുപകടങ്ങൾമൂലം എത്രമരണം ഉണ്ടായി എന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): തൊണ്ണൂറിമൂന്ന്. (൰൩).

ഉണിക്ഷാമം

*൧൦൭൪. (൧൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ജനുവരിമാസത്തിൽ നമ്മുടെ സ്റ്റോറിൽ പലയിടങ്ങളിലും ഇവിടെ സാധാരണ ഉപയോഗമുള്ളതരം മിൽത്തുണികൾ കിട്ടാൻ പ്രയാസം നേരിട്ടതിനുള്ള കാരണമെന്താണ്;

(ബി) ഗവൺമെൻറിന്റെ കൈവശമുള്ള കണക്കനുസരിച്ചു് അക്കാലത്തെ സ്റ്റോക്കു തൃപ്തികരമായിരുന്നോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉദ്ദേശം രണ്ടുമാസത്തോളം നീണ്ടുനിന്ന ബോംബെ ടെക്സ്റ്റയിൽ തൊഴിലാളികളുടെ പണിമുടക്കു കാരണത്താൽ ടി

LIBRARY ARCHIVES Kerala Legislative Assembly